REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 01-07-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **140 കോടി ഇന്ത്യക്കാരുടെ കരുത്തിൽ രാജ്യം ഡിജിറ്റൽ പേയ്മെന്റിൽ മികച്ച മുന്നേറ്റമാണ് കാഴ്ചവെക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **ഇന്ന് ഡോക്ടർമാരുടെയും ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെയും ദേശീയ ദിനാചരണം.**
- **മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ കണ്ണൂരിൽ മേഖലാതല അവലോകനയോഗം ആരംഭിച്ചു.**
- **സംസ്ഥാനത്തെ പുതിയ പൊലീസ് മേധാവിയായി രവദ ചന്ദ്രശേഖർ ചുമതലയേറ്റു.**
- **കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖല സമഗ്ര പരിഷ്കരണത്തിലൂടെ മുന്നോട്ട് പോവുകയാണെന്ന് മന്ത്രി ഡോ. R ബിന്ദു.**
- **ഇന്ത്യ- ഇംഗ്ലണ്ട് രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് നാളെ ഇംഗ്ലണ്ടിലെ ബർമിംഗ്ഹാമിൽ തുടങ്ങും.**

## വാർത്തകൾ വിശദമായി

140 കോടി ഇന്ത്യക്കാരുടെ കൂട്ടായ ദൃഢനിശ്ചയത്തിന്റെ കരുത്തിൽ രാജ്യം ഡിജിറ്റൽ പേയ്മെന്റിൽ മികച്ച മുന്നേറ്റമാണ് കാഴ്ചവെക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഡിജിറ്റൽ ഇന്ത്യയുടെ പത്താം വാർഷിക ദിനമായ ഇന്ന് ചരിത്ര ദിനമാണെന്നും പ്രധാനമന്ത്രി സാമൂഹ്യ മാധ്യമ കുറിപ്പിൽ അറിയിച്ചു.

ഡിജിറ്റൽ ശാക്തീകരണവും സാങ്കേതിക വിദ്യാ മുന്നേറ്റവും ലക്ഷ്യം വെച്ച് ഒരു ദശാബ്ദം മുമ്പ് ആരംഭിച്ച ഡിജിറ്റൽ ഇന്ത്യ ഇന്ന് പത്തു വർഷങ്ങൾക്കിപ്പുറം എണ്ണമറ്റ ജീവിതങ്ങളെ സ്പർശിച്ച് ശാക്തീകരണത്തിന്റെ പുതുയുഗത്തിനു സാക്ഷ്യം വഹിക്കുന്നതായി പ്രധാനമന്ത്രി വിലയിരുത്തി. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലും ഈ സംരംഭം ഗുണപ്രദമായി മാറിയെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

✪✪✪

ഇന്ന് ഡോക്ടർമാരുടെയും ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെയും ദേശീയ ദിനാചരണം. ആരോഗ്യരക്ഷയുടെയും മാനുഷികതയുടെയും നെടുംതൂണാണ് ഡോക്ടർമാരെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസാസന്ദേശത്തിൽ പറഞ്ഞു. ആരോഗ്യകരമായ സമ്പദ്‌രംഗത്തെ സുതാര്യതയും, വിശ്വാസ്യതയും ഉറപ്പാക്കുന്നതിൽ ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ സംഭാവന മറ്റൊരു കുറിപ്പിൽ പ്രധാനമന്ത്രി എടുത്തുപറഞ്ഞു.

✪✪✪

ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുമായി സഹകരിച്ച് ടെലികമ്യൂണിക്കേഷൻ വകുപ്പ് മൊബൈൽ മുന്നറിയിപ്പ് സംവിധാനം പരീക്ഷിക്കുന്നു. സുനാമി, ഭൂചലനം, മിന്നൽ, വാതകചോർച്ച, രാസവസ്തുക്കളുമായി ബന്ധപ്പെട്ട വിപത്തുകൾ എന്നിവയെപ്പറ്റി തക്കസമയത്ത് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്ന സെൽ ബ്രോഡ്കാസ്റ്റ് സിസ്റ്റമാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. അപകടസാധ്യതാ മേഖലകളിൽ എല്ലാവർക്കും ഒരേ സമയം മൊബൈൽ ഫോൺ സന്ദേശം ലഭ്യമാക്കുന്ന സംവിധാനമാണിത്. ‘സചേത്’ എന്ന പേരിൽ ദേശീയ ദുരന്ത നിവാരണ അതോറിറ്റി ഇപ്പോൾ തന്നെ SMS അധിഷ്ഠിത മുന്നറിയിപ്പു സംവിധാനം നടപ്പാക്കിവരുന്നുണ്ട്.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ കണ്ണൂരിൽ മേഖലാതല അവലോകനയോഗം ആരംഭിച്ചു. കണ്ണൂർ കൃഷ്ണമേനോൻ സ്മാരക ഗവൺമെന്റ് വനിതാ കോളേജിൽ ആണ് യോഗം ചേരുന്നത്. കണ്ണൂർ, കാസർകോട്, കോഴിക്കോട്, വയനാട് ജില്ലകളിലെ വികസനപദ്ധതികൾ യോഗത്തിൽ അവലോകനം ചെയ്യും.

മന്ത്രിമാരായ രാമചന്ദ്രൻ കടന്നപ്പള്ളി, K കൃഷ്ണൻ കുട്ടി, P.A മുഹമ്മദ് റിയാസ്, MB രാജേഷ്, O.R കേളു, ചീഫ് സെക്രട്ടറി ഡോ. A. ജയതിലക് എന്നിവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

ട്രെയിൻ യാത്ര നിരക്ക് വർധന  നിലവിൽ വന്നു. മെയിൽ, എക്സ്പ്രസ്സ് നോൺ AC ടിക്കറ്റുകളിൽ കിലോമീറ്ററിന് ഒരു പൈസയാണ് കൂടിയത്. AC  ടിക്കറ്റിന് രണ്ടു പൈസയും കൂടി.  സീസൺ ടിക്കറ്റിനും നേരത്തേയെടുത്ത ടിക്കറ്റുകൾക്കും  റിസർവേഷനും നിരക്കു വർധന ബാധകമല്ല.

✪✪✪

IRCTC വെബ്സൈറ്റിലും മൊബൈൽ ആപ്പിലും ആധാർ അധിഷ്ഠിതമായി തത്ക്കാൽ ടിക്കറ്റ് ബുക്ക് ചെയ്യുന്ന സംവിധാനം രാജ്യത്ത് നിലവിൽ വന്നു. ഈ മാസം  അവസാനം മുതൽ തത്ക്കാൽ ബുക്കിംഗുകൾക്ക് OTP സ്ഥിരീകരണം ഏർപ്പെടുത്തും.

✪✪✪

തെലങ്കാനയിലെ സംഗറെഡ്ഡി ജില്ലയിലെ  ഔഷധ നിർമ്മാണ ശാലയിലുണ്ടായ സ്ഫോടനത്തിൽ മരണസംഖ്യ 39  ആയി. പത്തു ശരീരങ്ങളാണ് ഇതുവരെ തിരിച്ചറിഞ്ഞത്. ഒട്ടേറെ പേർ ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ തുടരുകയാണ്. മരണസംഖ്യ ഇനിയും ഉയരാനാണ് സാധ്യത.  40 ഓളം ജീവനക്കാർ അപകടമുണ്ടായ സിഗാച്ചി ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ഫാർമസ്യൂട്ടിക്കൽ ഫാക്ടറിയിൽ കുടുങ്ങിക്കിടക്കുന്നതായി സംശയിക്കുന്നു. ഇന്നലെ രാവിലെയാണ് സ്ഫോടനവും തുടർന്ന് തീപ്പിടുത്തവുമുണ്ടായത്.

✪✪✪

തമിഴ്നാട്ടിലെ ശിവകാശിയിലെ പടക്കശാല സ്ഫോടനത്തിൽ നാലു പേർ മരിച്ചു. നിരവധിയാളുകൾക്ക് പരിക്കേറ്റു. ചിന്നകമാൻപട്ടിയിൽ  ഇന്നലെ രാത്രിയാണ് അപകടമുണ്ടായതെന്ന് വിരുതു നഗർ ജില്ലാ പൊലീസ് സൂപ്രണ്ട് A.N.I യോട് പറഞ്ഞു.

✪✪✪

19 കിലോ വാണിജ്യ പാചകവാതക സിലിണ്ടറിന്റെ വില കുറച്ചു. 57 രൂപ മുതൽ 58.50 പൈസ വരെയാണ് വില കുറഞ്ഞത്. ഗാർഹിക സിലിണ്ടർ വിലയിൽ മാറ്റമില്ല.

✪✪✪

പെൻഷൻ വിതരണ സംവിധാനമായ 'സ്പർശ്' സൈനിക പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും വീട്ടിലിരുന്ന് തന്നെ തടസ്സങ്ങളില്ലാതെ തുക ലഭ്യമാകാൻ സഹായിക്കുമെന്ന് കേന്ദ്ര സഹ മന്ത്രി ഡോ. L. മുരുകൻ പറഞ്ഞു. രാജ്യരക്ഷാ മന്ത്രാലയത്തിന്റെ ഡിഫൻസ് അക്കൗണ്ട്സ് ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച 206-ാമത് 'സ്പർശ്' ഔട്ട്റീച്ച് പരിപാടി തിരുച്ചിറപ്പള്ളിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഡോ. മുരുകൻ.

✪✪✪

ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കോട്ടയത്ത് സംഘടിപ്പിക്കുന്ന സ്വച്ഛതാ വാരാചരണം കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ഉച്ച കഴിഞ്ഞ് ഉദ്ഘാടനം ചെയ്യും. ശുചിത്വവും പരിസ്ഥിതി സുസ്ഥിരതയും പ്രോത്സാഹിപ്പിക്കുന്ന സംരംഭങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകും. തുടർന്ന് സുരേഷ് ഗോപി കുട്ടികൾക്ക് സ്വച്ഛത പ്രതിജ്ഞ ചൊല്ലിക്കൊടുക്കും.

✪✪✪

സംസ്ഥാനത്തെ പുതിയ പൊലീസ് മേധാവിയായി രവദ ചന്ദ്രശേഖർ ചുമതലയേറ്റു. തിരുവനന്തപുരത്തെ പൊലീസ് ആസ്ഥാനത്ത് എത്തിയാണ് അദ്ദേഹം ചുമതലയേറ്റത്. ADGP, H -വെങ്കടേഷ് രവദയ്ക്ക് ബാറ്റൺ കൈമാറി. ചുമതലയേറ്റ ശേഷം പൊലീസ് ആസ്ഥാനത്തെ പൊലീസ് സ്മൃതി മണ്ഡപത്തിൽ അദ്ദേഹം പുഷ്പചക്രം അർപ്പിച്ചു.

കേരളത്തിലെ 43-ാമത്തെ പൊലീസ് മേധാവിയാണ് രവദ ചന്ദ്രശേഖർ. 1991 ബാച്ച് IPS ഉദ്യോഗസ്ഥനായ റവാഡ ചന്ദ്രശേഖർ കേന്ദ്ര ഇന്റലിജൻസ് ബ്യൂറോയിൽ സ്പെഷ്യൽ ഡയആന്ധ്രാ സ്വദേശിയായ റവാഡ അടുത്ത വർഷം ജൂലൈ ഒന്നു വരെ സംസ്ഥാന പൊലീസ് മേധാവിയായി തുടരും.

✪✪✪

കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖല സമഗ്ര പരിഷ്കരണത്തിലൂടെ മുന്നോട്ട് പോവുകയാണെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. നാലു വർഷ ബിരുദ പ്രോഗ്രാം ബാച്ചിന്റെ വിജ്ഞാനോത്സവം കോഴിക്കോട് മീഞ്ചന്ത ആർട്സ് ആന്റ് സയൻസ് കോളേജിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പുതിയ ബാച്ചിന്റെ ആദ്യ അധ്യയനദിനത്തിൽ സംസ്ഥാനത്തെ മുഴുവൻ ഗവൺമെന്റ് എയ്ഡഡ്, സ്വാശ്രയ കോളേജുകളിലും വിജ്ഞാനോത്സവം സംഘടിപ്പിച്ചു.

✪✪✪

തിരുവനന്തപുരം പട്ടം SUT ആശുപത്രിയിൽ കഴിയുന്ന മുൻ മുഖ്യമന്ത്രി VS അച്യുതാനന്ദന്റെ ആരോഗ്യനില ഗുരുതരമായി തുടരുകയാണന്ന് മെഡിക്കൽ ബുള്ളറ്റിൻ അറിയിച്ചു. SUT യിലെ ഡോക്ടർമാർക്കു പുറമെ, തിരുവനന്തപുരം മെഡിക്കൽ കോളജിലെ ഏഴ് സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ സംഘവും ആശുപത്രിയിൽ എത്തിയിട്ടുണ്ട്. വെന്റിലേറ്ററും മറ്റു ചികിത്സകളും തുടരാനും, ആവശ്യമായാൽ ഉചിതമായ മാറ്റം വരുത്താനുമാണ് ഡോക്ടർമാരുടെ തീരുമാനം.

✪✪✪

ആശുപത്രിയിൽ കഴിയുന്ന VS അച്യുതാനന്ദനെ CPIM ദേശീയ ജനറൽ സെക്രട്ടറി M.A ബേബി സന്ദർശിച്ചു. വൈദ്യശാസ്ത്രത്തിന്റെ സഹായവും VS ന്റെ നിശ്ചയദാർഢ്യവും കൊണ്ട് അപകടനില തരണം ചെയ്യുമെന്നാണ് പ്രതീക്ഷയെന്ന് ബേബി മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ആരോഗ്യ മേഖലയിൽ സംസ്ഥാന ഗവൺമെന്റ് അനാസ്ഥ തുടരുകയാണെന്നാരോപിച്ച് മെഡിക്കൽ കോളജുകൾക്ക് മുന്നിൽ കോൺഗ്രസ് ധർണ്ണ നടത്തി.

സംസ്ഥാനത്തെ ആരോഗ്യമേഖലയ്ക്കു മുൻഗണന നല്കാൻ LDF ഗവൺമെന്റിന് എന്തുകൊണ്ട് കഴിയുന്നില്ലെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണമെന്ന് പ്രതിപക്ഷനേതാവ് V.D സതീശൻ ആവശ്യപ്പെട്ടു. കളമശ്ശേരി മെഡിക്കൽ കോളേജിലേക്ക് കോൺഗ്രസ്സ് നേതൃത്വത്തിൽ സംഘടിപ്പിച്ച ധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പാവപ്പെട്ട രോഗികൾക്ക് മരുന്നും ശസ്ത്രക്രിയാ ഉപകരണങ്ങളും എത്തിക്കുന്നതിൽ ഗവണ്മെന്റ് പൂർണ്ണമായും പരാജയമാണെന്നും അദ്ദേഹം ആരോപിച്ചു.

കണ്ണൂർ പരിയാരം മെഡിക്കൽ കോളജിന് മുന്നിലെ ധർണ്ണ AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ ഉദ്ഘാടനം ചെയ്തു.

പത്തനംതിട്ട കോന്നി മെഡിക്കൽ കോളജ് മാർച്ച് UDF കൺവീനർ അടൂർ പ്രകാശ് ഉദ്ഘാടനം ചെയ്തു.

മറ്റന്നാൾ സംസ്ഥാനത്തെ എല്ലാ DMO ഓഫീസുകളിലേക്കും പ്രതിഷേധ മാർച്ച് സംഘടിപ്പിക്കുമെന്ന് യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളും ജനറൽ സെക്രട്ടറി P.K ഫിറോസും അറിയിച്ചു.

✪✪✪

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ശസ്ത്രക്രിയാ ഉപകരണങ്ങൾ എത്തിച്ചതോടെ മാറ്റിവെച്ചിരുന്ന സർജറികൾ പുനരാരംഭിച്ചു. മന്ത്രി വീണ ജോർജിന്റെ നിർദേശത്തെ തുടർന്നാണ് ഹൈദരാബാദിൽ നിന്ന് വിമാന മാർഗം ഉപകരണങ്ങൾ എത്തിച്ചത്. ഉപകരണങ്ങൾ കേടായതിനാൽ പല ശസ്ത്രക്രിയകളും മുടങ്ങിയിരുന്നു.

✪✪✪

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയെ സംരക്ഷിക്കണം എന്ന് ആവശ്യപ്പെട്ട് BJP നേതൃത്വത്തിൽ മെഡിക്കൽ കോളേജ് സൂപ്രണ്ട് ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. പാർട്ടി മുൻ സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു.

കുമാരപുരം ജംഗ്ഷനിൽ നിന്ന് ആരംഭിച്ച പ്രതിഷേധ മാർച്ച് സൂപ്രണ്ട് ഓഫീസ് എത്തുന്നതിനു മുൻപ് പൊലീസ് തടഞ്ഞു. തുടർന്ന് പൊലീസും BJP പ്രവർത്തകരും തമ്മിൽ സംഘർഷമുണ്ടായി.

✪✪✪

രാജ്യാന്തര I.T കമ്പനിയായ സോഹോ കോർപ്പറേഷന്റെ ഇന്ത്യയിലെ രണ്ടാമത്തെ റസിഡൻഷ്യൽ I.T ക്യാമ്പസ് കൊട്ടാരക്കര നെടുവത്തൂരിൽ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

ഇന്ത്യ- ഇംഗ്ലണ്ട് രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് നാളെ ഇംഗ്ലണ്ടിലെ ബർമിംഗ്ഹാമിൽ തുടങ്ങും. ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് മൂന്നരയ്ക്ക് എഡ്ജ്ബാസ്റ്റൺ സ്റ്റേഡിയത്തിലാണ് മത്സരം.

അഞ്ച് മത്സര പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ഇംഗ്ലണ്ടിനോട് പരാജയപ്പെട്ടിരുന്നു.

✪✪✪

കാനഡ ഓപ്പൺ 2025 ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് ഒന്റാറിയോ-യിൽ ഇന്ന് തുടങ്ങും. പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ആയുഷ് ഷെട്ടിയും, ശങ്കർ സുബ്രഹ്മണ്യനും ഏറ്റുമുട്ടും. മിക്സഡ് ഡബിൾസിൽ ധ്രുവ് കപിലയും, തനിഷ ക്രസ്റ്റോയും ഇന്ത്യയ്ക്കായി ആദ്യ റൗണ്ടിൽ ഇറങ്ങും.

✪✪✪

ഇന്ത്യ - ഇംഗ്ലണ്ട് വനിതാ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് ബ്രിസ്റ്റോളിൽ രാത്രി 11ന് ആരംഭിക്കും. ആദ്യ ട്വന്റി 20-യിൽ ഇന്ത്യ 97 റൺസിന് വിജയിച്ചിരുന്നു.

✪✪✪

ഫുട്ബോളിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികളിൽ കായിക സംസ്കാരം ശക്തമാക്കാനും സ്കൂളുകളിൽ 10 ലക്ഷം ഫുട്ബോളുകൾ വിതരണം ചെയ്യുമെന്ന് കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ പറഞ്ഞു.

കൊൽക്കത്തയിലെ ഫോർട്ട് വില്യം PMശ്രീ കേന്ദ്രീയ വിദ്യാലയത്തിൽ ഫിഫ ഫുട്ബോൾ വിതരണം ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു ധർമ്മേന്ദ്രപ്രധാൻ.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRT: അനിൽ ചന്ദ്രൻ, പ്രവീൺ*
*DEO : ഷീബ*